## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3667** 20/10/2016 -ൽ മറുപടിയ്ക്ക്

### സ്കൂൾ വിദ്യാർത്ഥികളുടെ അമിത ഭാരമുള്ള സ്കൂൾ ബാഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി: | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ പലർക്കും പാഠപുസ്തകങ്ങളുടെയും നോട്ടുബുക്കുകളുടെയും മറ്റ് പഠനോപകരണങ്ങളുടെയും അമിതഭാരമുള്ള സ്കൂൾ ബാഗുമായിട്ടാണ് സ്കൂളിലേയ്ക്ക് പോകേണ്ടി വരുന്നതെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീരെ ചെറിയ പ്രായത്തിൽ തന്നെ അമിതഭാരം ചുമക്കേണ്ടി വരുന്നത് കുട്ടികൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സ്കൂൾ വിദ്യാർത്ഥികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് സംസ്ഥാന ബാലാവകാശ കമ്മീഷൻ സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ബാലാവകാശ കമ്മീഷൻ ഈ വിഷയം അപഗ്രഥിക്കുകയും വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ട അനന്തര നടപടികൾ അറിയിക്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഒരു സർക്കുലർ നിർദ്ദേശം നല്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

Sreedevi
സെക്ഷൻ ഓഫീസർ

നം.ക്യൂ.ഐ.പി.2/37370/15/ഡിപിഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 13/06/2015.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ സ്കൂൾ ബാഗിന്റെ അമിതഭാരം - കേരള ബാലാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 10/4/2015-ലെ സി.ആർ.എം.പി. നം.2845/01/എൽഎ.1/2014 നമ്പർ വിധിന്യായം.

സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ സ്കൂൾ ബാഗിന്റെ അമിതഭാരം കാരണം ക്ലേശം അനുഭവിക്കുന്നു എന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ ഈ വിഷയം അപഗ്രഥിക്കുകയും സൂചന വിധിന്യായ പ്രകാരം ഇക്കാര്യങ്ങളിൽ സ്വീകരിക്കേണ്ടുന്ന അനന്തര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനു വേണ്ടിയും പഠന സൗകര്യം കണക്കിലെടുത്തും സ്കൂൾ പാഠപുസ്തകങ്ങൾ വലിപ്പം കുറച്ച് രണ്ട് വാല്യങ്ങളായി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സ്കൂൾ നോട്ടുബുക്കുകളുടെ ഭാരം കുറയ്ക്കുന്നതിനായി കുറഞ്ഞ പേജ് നോട്ട്ബുക്കുകൾ നിഷ്ക്കർഷിക്കുന്നതിന് സ്കൂൾ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. വർഷാവസാനം കുട്ടികളോട് പാഠപുസ്തകങ്ങൾ സ്കൂളിന് സംഭാവനയായി നൽകുന്നതിന് അഭ്യർത്ഥിക്കാൻ ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പുസ്തകങ്ങൾ ക്ലാസ്സ് ലൈബ്രറിയിൽപ്പെടുത്തി സ്കൂൾ സമയത്ത് കുട്ടികൾക്ക് ഉപയോഗിക്കാവുന്നതാണ്. അതിനാൽ കുട്ടികൾ പാഠപുസ്തകങ്ങൾ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കും.

സ്കൂൾ കുട്ടികൾക്ക് കഴിവതും ഭാരംകുറഞ്ഞ സ്കൂൾ ബാഗുകൾ വാങ്ങി നൽകുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടപ്പിലാക്കേണ്ടതാണ്.

സ്കൂൾ ബാഗുകളിൽ കുട്ടികൾ കുടിവെള്ളം കൂടെ കൊണ്ടു ,വരുന്നത് ഒഴിവാക്കുന്നതിനായി എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണം പാകപ്പെടുത്തുന്നതിനോടനുബന്ധിപ്പിച്ച് തിളപ്പിച്ചാറ്റിയ ശുദ്ധജലം ക്ലാസ്സ് മുറികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്കൂൾ കുട്ടികളുടെ അറിവും ബുദ്ധിപരവുമായ കഴിവുകളും വികസിപ്പിക്കുന്നതിനോടൊപ്പം തന്നെ അവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും, അദ്ധ്യാപകരും, രക്ഷകർത്താക്കളും പരിശ്രമിക്കേണ്ടതും സഹകരിക്കേണ്ടതുമാണെന്ന് അറിയിക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).
4. ഡയറക്ടർ, എസ്.എസ്.എ.
5. ഡയറക്ടർ, ആർ.എം.എസ്.എ.
6. ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി.
7. കരുതൽ ഫയൽ.

Sreedevi
S.O